# പതിമൂന്നാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 5    05-3-2012-ലെ മറുപടിക്ക്.

### ഇറ്റാലിയൻ കപ്പലിൽ നിന്നുള്ള വെടിവെയ്പ്

| ചോദ്യം : | ഉത്തരം : |
| --- | --- |
| ശ്രീ. സണ്ണി ജോസഫ്<br>ശ്രീ. ലൂഡി ലൂയിസ്<br>ശ്രീ. വർക്കല കഹാർ | ശ്രീ. ഉമ്മൻ ചാണ്ടി<br>ബഹു. മുഖ്യമന്ത്രി |

| | | |
| --- | --- | --- |
| (എ) ഇറ്റാലിയൻ കപ്പലിൽ നിന്നുള്ള വെടിവെയ്പിന്റെ പശ്ചാത്തലത്തിൽ മൽസ്യബന്ധനത്തിന് പോകുന്ന തൊഴിലാളികളുടെ സുരക്ഷയ്ക്ക് എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്താനുദ്ദേശിക്കുന്നത്;<br><br>(ബി) വിദേശ രാജ്യങ്ങളിലെ കപ്പലുകളുടെ ആക്രമണത്തിൽ നിന്ന് മൽസ്യബന്ധനത്തൊഴിലാളികളുടെ സുരക്ഷ ഉറപ്പുവരുത്തുവാൻ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണ്; | (എ & ബി) | ഇറ്റാലിയൻ കപ്പലിൽനിന്നുള്ള വെടിയേറ്റ് രണ്ട് മൽസ്യതൊഴിലാളികൾ മരണമടഞ്ഞ സംഭവത്തിന്റെ പശ്ചാത്തലത്തിൽ മൽസ്യതൊഴിലാളികളുടെ സുരക്ഷക്കായി ശക്തമായ സംവിധാനം ഏർപ്പെടുത്തുവാൻ തീരുമാനിച്ചിട്ടുണ്ട്. കോസ്റ്റൽ പോലീസ്, കോസ്റ്റ്ഗാർഡ്, നേവി, മറൈൻ എൻഫോഴ്സ്മെന്റ് എന്നിവയുടെ നേതൃത്വത്തിൽ ശക്തമായ പട്രോളിംഗ് ഏർപ്പെടുത്തിയിട്ടുണ്ട്. തീരദേശ പോലീസ്, കോസ്റ്റ്ഗാർഡ്, നാവിക സേന എന്നിവയുടെ ഏകോപിച്ചുള്ള പ്രവർത്തനം വഴി മൽസ്യതൊഴിലാളികളുടെയും, തീരദേശത്തിന്റെയും സുരക്ഷ ഉറപ്പാക്കുന്നതിന് കൊച്ചിയിൽ ജോയിന്റ് ഓപ്പറേഷൻ സെന്റർ (JOC) ഫലപ്രദമായി പ്രവർത്തിച്ചു വരുന്നു. കൂടാതെ SBCID , ഹെഡ് ക്വാർട്ടേഴ്സിലെ SPMR 24 മണിക്കൂറും പ്രവർത്തിക്കുന്ന കോസ്റ്റൽ സെക്യൂരിറ്റി കൺട്രോൾ റൂമായി പ്രവർത്തിച്ചുവരുന്നു. മൽസ്യ തൊഴിലാളികളുടെ പങ്കാളിത്തത്തോടെ പ്രവർത്തിക്കുന്ന കടലോര ജാഗ്രതാ സമിതികൾ |

ഇത്തരം സംഭവങ്ങൾ മേലിൽ ഉണ്ടാകാതിരിക്കാൻ ബോധവൽക്കരണം നടത്തുകയും നിതാന്ത ജാഗ്രത പുലർത്തി വരികയും ചെയ്യുന്നു. മൽസ്യബന്ധനത്തിനു പോകുന്ന തൊഴിലാളികളുടെ സുരക്ഷക്കായി ബോട്ടുകളിൽ 'Fishing Boat'എന്ന് വ്യക്തമായി കാണത്തക്ക വിധത്തിൽ എഴുതി പ്രദർശിപ്പിക്കണമെന്നും, കപ്പൽ ചാലുകളിലൂടെ ബോട്ട് ഓടിക്കരുതെന്നും മൽസ്യ തൊഴിലാളികൾക്ക് മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. ഭാവിയിൽ ഇതുപോലുള്ള സംഭവങ്ങൾ ഒഴിവാക്കുന്ന കാര്യങ്ങൾ ആലോചിക്കാനായി നേവി, കോസ്റ്റ് ഗാർഡ്, ഷിപ്പിംഗ് ഡയറക്ടർ ജനറൽ, പോലീസ്, റവന്യൂ, ഫിഷറീസ്, പോർട്ട് തുടങ്ങി എല്ലാ ബന്ധപ്പെട്ട വകുപ്പുകളേയും, ഏജൻസികളേയും വിളിച്ചുകൊണ്ട് 5-3-2012 ന് 5 മണിക്ക് വിശദമായ ഒരു യോഗം മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ തിരുവനന്തപുരത്ത് വിളിച്ചുചേർത്തിട്ടുണ്ട്.

(സി) ഇതിനായി കേന്ദ്ര ഗവൺമെന്റിന്റേയും വിദേശ എംബസികളുടെയും സഹകരണം തേടുന്ന കാര്യം ആലോചിക്കുമോ?

(സി) ഇക്കാര്യത്തിൽ കേന്ദ്ര ഗവൺമെന്റിന്റെ സഹകരണം തേടിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ